# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1385** **13.12.2012-ൽ മറുപടിക്ക്**

**കുട്ടനാട്ടിലെ പാലങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തോമസ് ചാണ്ടി: | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പു മന്ത്രി) |
| (എ) കുട്ടനാട്ടിലെ വൈശ്യംഭാഗം, തട്ടാശ്ശേരി, മുട്ടേൽ, മുണ്ടയ്ക്കൽ പാലങ്ങളുടെ നിർമ്മാണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വെന്ന് വിശദമാക്കുമോ ; | (എ) കുട്ടനാട്ടിലെ വൈശ്യംഭാഗം പാലത്തിന്റെ എസ്റ്റിമേറ്റിനുള്ള സാങ്കേതികാനുമതി സ്ഥലം വിട്ടുകിട്ടുവാൻ താമസം വന്നതിനാൽ നൽകിയിട്ടില്ല. പിന്നീട് സ്ഥലമെടുപ്പ് നടപടികളുമായി ബന്ധപ്പെട്ട ഡി.എൽ.പി.സി മീറ്റിംഗ് നടക്കുകയും വ്യക്തികൾ അവരുടെ സമ്മതം നൽകുകയും ഉണ്ടായി. എന്നാൽ 01.10.2012-ന് പുതിയ റേറ്റ് റിവിഷൻ വന്നതിനാൽ പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി കൊണ്ടിരിക്കുന്നു. ഇതിനു സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ നടത്തുന്നതാണ്.<br>തട്ടാശ്ശേരി പാലത്തിനു ഇൻവെസ്റ്റിഗേഷൻ ആന്റ് ലാന്റ് അക്വിസിഷനു വേണ്ടി ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇൻവെസ്ററിഗേഷനോടനുബന്ധിച്ചുള്ള സൈറ്റ് സർവ്വേ പൂർത്തീകരിച്ചു. മണ്ണു പരിശോധന ഉടൻ ആരംഭിക്കുന്നതാണ്. അതിനുശേഷം ഡിസൈൻ സ്ഥലമെടുപ്പ് എന്നിവ നടത്തുന്നതായിരിക്കും<br>മുട്ടേൽ പാലത്തിനു ഭരണാനുമതി ലഭ്യമാക്കുന്നതിനായി പുതുക്കിയ നിരക്കിലുള്ള ഡിസൈൻ പൂർത്തീകരിച്ചിട്ടുണ്ട്. മുണ്ടയ്ക്കൽ പാലത്തിന്റെ മണ്ണ് പരിശോധന പൂർത്തീകരിച്ചു. ഡിസൈൻ തയ്യാറാക്കി വരുന്നു. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ബി) | കുട്ടനാട്ടിലെ ഏതെല്ലാം പാലങ്ങളുടെ സോയിൽ ടെസ്റ്റിന് ടെൻഡർ ക്ഷണിച്ചിട്ടുണ്ടെന്നും പൂർത്തീകരിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ ; | (ബി) | കുട്ടനാട്ടിലെ തട്ടാശ്ശേരി പാലം, കിടങ്ങറ കണ്ണാടി റോഡിലെ കെ.സി പാലം, നെടുമുടി - കരുവാറ്റ റോഡിലെ പടഹാരം പാലം, കോരംകുഴി പാലം. പുല്ലങ്ങാടിയിലെ കോതറതോട് പാലം എന്നിവയുടെ സോയിൽ ഇൻവെസ്റ്റിഗേഷൻ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. അതിൽ കെ.സി. പാലം, പടഹാരം പാലം, കോരംകുഴി പാലം, എന്നിവയുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചു. |
| (സി) | കുട്ടനാട്ടിലെ ഏതെല്ലാം പാലങ്ങൾക്ക് ലാൻഡ് അക്വിസിഷൻ നടപടി ക്രമങ്ങൾ പൂർത്തീകരിക്കാനുണ്ടെന്ന വിവരം ലഭ്യമാക്കുമോ? | (സി) | കുട്ടനാട്ടിലെ മുണ്ടക്കൽ പാലം, തട്ടാശ്ശേരി പാലം, കെ.സി പാലം, പടഹാരം പാലം, കോരംകുഴി പാലം. മങ്കൊമ്പ് സിവിൽ സ്റ്റേഷനു സമീപമുള്ള പാലം എന്നിവയ്ക്ക് ലാന്റ് അക്വിസിഷൻ നടപടികൾ നടത്താനുണ്ട്. മുട്ടേൽ പാലത്തിനുള്ള സ്ഥലം പഞ്ചായത്ത് സമിതി ഏറ്റെടുത്തു നൽകാമെന്ന് അറിയിച്ചിട്ടുണ്ട്. |

Salutha

**സെക്ഷൻ ഓഫീസർ**